**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 285** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ വ്യതിയാനം ക്ഷീര മേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനം സംസ്ഥാനത്തെ ക്ഷീര മേഖലയെ ഏതു രീതിയിലാണ് ബാധിച്ചിരിക്കുന്നതെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല നടത്തിയ പഠനത്തിൽ ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും ക്ഷീരമേഖലയിൽ സാരമായ ഉത്പാദന നഷ്ടത്തിന് വഴിയൊരുക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. അന്തരീക്ഷ ഊഷ്മാവ് ഉയർന്നു നിൽക്കുന്ന മാസങ്ങളിൽ പാലുത്പാദനത്തിൽ 20 ശതമാനത്തോളം കുറവുണ്ടാകുന്നതായും അന്തരീക്ഷ ഊഷ്മാവ് 30 ഡിഗ്രിക്കു മുകളിലാവുമ്പോൾ കിടാരികളിലും 27 ഡിഗ്രിക്കു മുകളിലാവുമ്പോൾ കറവപ്പശുക്കളിലും താപസമ്മർദ്ദത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നു എന്നും കണ്ടെത്തിയിട്ടുണ്ട്. കറവപ്പശുക്കളിലെ താപ സമ്മർദ്ദത്തിൻറെ സൂചികയായി ഉപയോഗിക്കപ്പെടുന്ന അന്തരീക്ഷതാപവും ആർദ്രതയും ചേരുന്ന സൂചികയിൽ ഒരു പോയിന്റിന്റെ വർദ്ധനവുണ്ടായാൽ പ്രതിദിന പാലുത്പാദനത്തിൽ 3 ശതമാനത്തോളം കുറവുണ്ടാകുമെന്ന് വെറ്ററിനറി സർവകലാശാലയിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കടുത്ത വരൾച്ചയും ഉഷ്ണതരംഗവും ക്ഷീരകർഷകർക്ക് ഉണ്ടാക്കിയിരിക്കുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച് ജില്ലകളിൽ നിന്നും ക്ഷീരവികസന വകുപ്പ് വിവരശേഖരണവും നടത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ ഉദ്യോഗസ്ഥരുടേയും സംഘം പ്രതിനിധികളുടെയും യോഗം വിളിച്ച് വരൾച്ച ക്ഷീരകർഷകർക്കുണ്ടാക്കിയിരിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വിവരശേഖരണവും നടത്തി അവരെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങളും വിഷയവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് വകുപ്പ് നല്കിയിരിക്കുന്ന നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകളും കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ അവബോധം സൃഷ്ടിച്ച് നാശനഷ്ടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ചൂട് കൂടിയതോടെ ക്ഷീര കർഷകർ പശുക്കളെ വ്യാപകമായി വിൽക്കുന്ന അവസ്ഥ ഉണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ച കാരണം ക്ഷീരമേഖലയിൽ കുറച്ചു ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ടെങ്കിലും വ്യാപകമായി പശുക്കളെ വിറ്റൊഴിയുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കനത്ത ചൂട് കാരണം സങ്കരയിനം പശുക്കളുടെ പാലുല്പാദനത്തിൽ കുറവ് സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വേനൽക്കാലത്തിന്റെ കാഠിന്യം മൂലം കെ.എൽ.ഡി ബോർഡിന്റെ സന്തതി പരിശോധന മേഖലകളിൽ ചില അവസരങ്ങളിൽ സങ്കരയിനം പശുക്കളുടെ പാലുൽപാദനത്തിൽ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ സാഹചര്യത്തിൽ പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ? | (ഡി) | ക്ഷീരകർഷകർക്ക് പ്രാദേശികമായി ഉണ്ടാകുന്ന പ്രതിസന്ധികളും, ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരസംഘങ്ങൾ എന്നിവയുടെ സഹായ സഹകരണത്തോടെ ക്ഷീരവികസന വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>കടുത്ത വേനലിൽ ഉത്പാദനം കുറയാതിരിക്കുന്നതിന് കർഷകർ സ്വീകരിക്കേണ്ട നടപടികളും മുൻകരുതലുകളേയും കുറിച്ച് അവബോധം വളർത്തുന്നതിന് വേണ്ട വിജ്ഞാന വ്യാപന പരിപാടികൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിക്കഴിഞ്ഞു.<br><br>കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് ദുരന്തനിവാരണ മാനദണ്ഡങ്ങൾ പ്രകാരം ദുരന്തനിവാരണ വകുപ്പിൽ നിന്നാണ്. മരണപ്പെടുന്ന കറവപശുക്കൾക്ക് 37,500/- രൂപ നഷ്ട പരിഹാരം ലഭ്യമാകും. ടി മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കുവാൻ ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.<br><br>കെ.എൽ.ഡി ബോർഡിന്റെ സന്തതി പരിശോധന കേന്ദ്രങ്ങൾക്ക് കീഴിൽ പരിമിതമായ തോതിൽ ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ